"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - തിരുവനന്തപുരം ജില്ലയിലെ നേമം ബ്ലോക്ക് പഞ്ചായത്തിലെ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് -1 ആയ ശ്രീമതി. ഷബാന.പി.വി-യുടെ മകന്റെ ചികിത്സയ്ക്കായി 20.07.2022 മുതൽ 28.10.2022 വരെ ചെലവായ തുക മെഡിക്കൽ റീ-ഇംപേഴ്സ്മെന്റായി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഇആർബി) വകുപ്പ്

സ.ഉ.(സാധാ) നം.1395/2025/LSGD തീയതി,തിരുവനന്തപുരം, 05-06-2025

---

പരാമർശം:-

1. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 02/04/2025-ലെ LSGD/PD/2653/2023-AE5 നമ്പർ കത്ത്.
2. 22/11/2024 തീയതിയിലെ സ.ഉ(അച്ചടി) നം.100/2024/ധന നമ്പർ ഉത്തരവ്

**ഉത്തരവ്**

തിരുവനന്തപുരം ജില്ലയിലെ നേമം ബ്ലോക്ക് പഞ്ചായത്തിലെ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് -1 ആയ ശ്രീമതി. ഷബാന.പി.വി-യുടെ മകന്റെ ചികിത്സയ്ക്കായി 20.07.2022 മുതൽ 28.10.2022 വരെ തമിഴ്നാട് CMC വെല്ലൂർ ആശുപത്രിയിൽ ചെലവായ തുകയ്ക്ക് മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് ടിയാൻ സമർപ്പിച്ച അപേക്ഷ പരാമർശം കത്ത് പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചു. ടി ചികിത്സയ്ക്ക് 4,50,102/-രൂപ അനുവദനീയമാണെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം ജില്ലയിലെ നേമം ബ്ലോക്ക് പഞ്ചായത്തിലെ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് -1 ആയ ശ്രീമതി. ഷബാന.പി.വി-യുടെ മകന്റെ ചികിത്സയ്ക്കായി തമിഴ്നാട് CMC വെല്ലൂർ ആശുപത്രിയിൽ 20.07.2022 മുതൽ 28.10.2022 വരെ ചെലവായ തുകയിൽ ആകെ അനുവദനീയ തുകയായി ആരോഗ്യ വകുപ്പ് ഡയറക്ടർ അറിയിച്ച 4,50,102/- രൂപ യുടെ 80% ആയ 3,60,082/- രൂപ (മൂന്ന് ലക്ഷത്തി അറുപതിനായിരത്തി എൺപത്തിരണ്ട് രൂപ മാത്രം) പരാമർശ ഉത്തരവിലെ ക്രമ നം. IV പ്രകാരം ടിയാൾക്ക് പ്രതിപൂരണം ചെയ്ത് നൽകുന്നതിന് അനുമതി നൽകിക്കൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SABITHA BAI A S

ഡെപ്യൂട്ടി സെക്രട്ടറി

1) ശ്രീമതി. ഷബാന.പി.വി, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് -1 , നേമം ബ്ലോക്ക് പഞ്ചായത്ത്, തിരുവനന്തപുരം (പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്

മുഖേന)

2) പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ് , തിരുവനന്തപുരം
(ബില്ലുകളും രേഖകളും സഹിതം)

3) സെക്രട്ടറി, നേമം ബ്ലോക്ക് പഞ്ചായത്ത്, തിരുവനന്തപുരം.

4) അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളാ, തിരുവനന്തപുരം

5) ധനകാര്യവകുപ്പ്(അ.ഔ. നമ്പർ 3152449 - LNS-L8/157/2025-FIN dated 28/05/2025)

6) വിവരപൊതു ജന സമ്പർക്ക (വെബ് & ന്യൂ മീഡിയ ഡിപ്പാർട്ട്മെന്റ്
(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

7) ആഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Dipukumar S L
Date: 05-06-2025 11:30:08
സെക്ഷൻ ഓഫീസർ